ഹയർ സെക്കന്ററി വകുപ്പിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിന് നടപടി

112 (1244) ശ്രീ. കെ. സി. വേണുഗോപാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹയർ സെക്കന്ററി വകുപ്പിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സ്പെഷ്യൽ റൂളിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് സുപ്രീം കോടതിയിലുള്ള കേസിന്റെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ കേസിൽ ഇതിനോടകം ബഹുമാനപ്പെട്ട സുപ്രീം കോടതി ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വിധി പകർപ്പു ലഭ്യമാക്കുമോ ;

(ജി) സുപ്രീം കോടതിയിലുള്ള കേസിന്റെ തീർപ്പ് ഉടനെ ഉണ്ടാകുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറായി കഴിഞ്ഞു. സംഘടനകളുമായുള്ള വിശദമായ ചർച്ചകൾ നടന്നു വരികയാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സുപ്രീം കോടതി ഇതുവരെ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല.

(ഇ) രണ്ട് ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) വിധിയുടെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു*.

(ജി) സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള നടപടിക്രമങ്ങൾ പൂർത്തിയായി കഴിഞ്ഞു. അന്തിമ വിധി ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

പിറവം സ്കൂളുകളിൽ പ്ളസ്ടു കോഴ്സ്

113 (1245) ശ്രീ. ടി. എം. ജേക്കബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പിറവം നിയോജക മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പിറവം നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിൽ പ്ളസ് ടൂ കോഴ്സ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ട് ;

(സി) അടുത്ത അദ്ധ്യയന വർഷം ഈ സ്ഥാപനങ്ങളിൽ പ്ളസ് ടൂ കോഴ്സ് അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിറവം നിയോജക മണ്ഡലത്തിൽപ്പെട്ട സെന്റ് ഇഗ്നേഷ്യസ് കാഞ്ഞിരമറ്റത്തിനും സെന്റ് മേരീസ് മലക്കോടിനും പ്ളസ് ടൂ അനുവദിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റ് ഹൈസ്ക്കൂൾ മണീട്, എം.കെ.എം. ഹൈസ്ക്കൂൾ പിറവം, സെന്റ് ജോർജ് ഹൈസ്ക്കൂൾ നാരകുന്നം എന്നീ സ്കൂളുകളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) ഈ വർഷം സ്കൂളുകൾ അനുവദിക്കുമ്പോൾ പ്രസ്തുത സ്കൂളുകളുടെ വിദ്യാഭ്യാസ ആവശ്യകതയും ഭൗതിക സൗകര്യങ്ങളും പരിശോധിച്ചതിനു ശേഷം ഇക്കാര്യം തീരുമാനിക്കുന്നതാണ്.

പ്ളസ്ടൂ അനുവദിക്കുന്ന സ്കൂളുകളുടെ വിവരം

114 (1247) ശ്രീ. യു. എസ്. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കൊല്ലം എത്ര സ്കൂളുകളിൽ പ്ളസ്ടൂ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) മാള നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഹൈസ്ക്കൂളുകളിൽ നിന്നും പ്ളസ് ടൂ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ഈ അപേക്ഷകളിൽ എത്ര സർക്കാർ സ്കൂൾ പെടുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2000-2001 അദ്ധ്യയന വർഷം പ്ളസ് ടൂ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടേയുള്ളു. എത്രയെണ്ണം അനുവദിക്കണമെന്ന് തീരുമാനിച്ചിട്ടില്ല.

(ബി) 1998-ലെ വിജ്ഞാപന പ്രകാരം മാള നിയോജകമണ്ഡലത്തിൽ നിന്നും സി.വി. എം.എച്ച്.എസ് കല്ലേറ്റുംകര, ഗവൺമെന്റ് എച്ച്.എസ്. ഇരണികുളം, എ.കെ.എം.എച്ച്.എസ്. പൊയ്യ, ഗവൺമെന്റ് എച്ച്.എസ്. കരുപ്പടന്ന, എസ്.എൻ.വി.എച്ച്.എസ്. മാളൂർ, സോകോർസോ കോൺവെന്റ് എച്ച്.എസ്. മാള എന്നീ വിദ്യാലയങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. 2000-ലെ വിജ്ഞാപന പ്രകാരം അപേക്ഷിക്കേണ്ട അവസാന തീയതി 6-3-2000 ആണ്.

(സി) അപേക്ഷകളുടെ പരിശോധന പൂർത്തിയായതിനു ശേഷമേ എത്ര സർക്കാർ സ്കൂളുകൾ ഉണ്ടെന്ന് അറിയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly